ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 20.12.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ആഗോള തലത്തിൽ ഇന്ത്യയുടെ പ്രാധാന്യം വർദ്ധിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി, പശ്ചിമ ബംഗാളിലും ഗുവഹാത്തിയിലും വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി നിർവഹിച്ചു

   **Prime Minister Narendra Modi said that India's importance is increasing globally. The Prime Minister inaugurated and laid the foundation stone of various development projects in West Bengal and Guwahati.**

2. സാമൂഹിക സംരക്ഷണത്തിൽ നിന്നുള്ള പിന്മാറ്റമല്ല, കാലോചിതമായ പരിഷ്കരണമാണ് വികസിത് ഭാരത് ജി റാം ജി ബില്ലെന്ന് പ്രധാനമന്ത്രി

   **The Prime Minister said that the Viksit Bharat G RAM G Bill is not a rollback of social welfare but a renewal of it**

3. രാജ്യത്തെ സാമ്പത്തിക വളർച്ചയുടെ നിർണായക സ്തംഭമാണ് ടെക്സ്റ്റൈൽ വ്യവസായമെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ

**Vice President C.P. Radhakrishnan said that the textile industry is a crucial pillar of the country's economic growth.**

4. നടൻ ശ്രീനിവാസന് അന്ത്യാഞ്ജലി അർപ്പിച്ച് കേരളം. സംസ്കാരം നാളെ ഔദ്യോഗിക ബഹുമതികളോടെ വീട്ടുവളപ്പിൽ

**Kerala pays last respects to actor Sreenivasan , The cremation will be held tomorrow at his residence with official honors.**

5. കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ നാളെ

**The oath-taking ceremony of the elected members of local self-government institutions in Kerala will be held tomorrow.**

6. 2026 ലെ ഐസിസി ടി20 ക്രിക്കറ്റ് ലോകകപ്പിനായുള്ള 15 അംഗ ഇന്ത്യൻ ടീമിനെ ബി സി സി ഐ പ്രഖ്യാപിച്ചു, മലയാളി താരം സഞ്ജു സാംസണും ടീമിൽ

**BCCI announces 15-member Indian team for the 2026 ICC Twenty20 Cricket World Cup, Malayali player Sanju Samson also in the team**

## PM FUR REV. DAY PM-WEST BENGAL (INTRO)

പശ്ചിമ ബംഗാളിൽ 3,200 കോടി രൂപ ചെലവ് വരുന്ന രണ്ട് ദേശീയ പാത പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി നരേന്ദ്ര മോദി നിർവഹിച്ചു. മോശം കാലാവസ്ഥ കാരണം പ്രധാനമന്ത്രി സഞ്ചരിച്ച ഹെലികോപ്റ്ററിന് റാണഘട്ടിലെ താഹെർപൂരിൽ ഇറങ്ങാൻ സാധിക്കാത്തതിനാൽ വിർച്വലായിട്ടായിരുന്നു ഉദ്ഘാടനം. പശ്ചിമ ബംഗാളിൽ ഗതാഗത- വിനിമയ സംവിധാനം സുഗമമാക്കുന്നതിന് സർക്കാർ നിരന്തരം പരിശ്രമിക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു. പരിവർത്തൻ സങ്കൽപ്പ് സഭയെ അഭിസംബോധന ചെയ്യവേ ബംഗാളും ബംഗാളി ഭാഷയും ഇന്ത്യയുടെ സംസ്കാരത്തെ സമ്പന്നമാക്കിയിട്ടുണ്ടെന്നും പശ്ചിമ ബംഗാളിന്റെ വികസനത്തിന് കേന്ദ്രം പ്രതിജ്ഞാബദ്ധമാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്.......)

പശ്ചിമ ബംഗാളിലെ നാദിയ ജില്ലയിലെ ദേശീയ പാത-34 ലെ 66.7 കിലോമീറ്റർ ബരാജഗുലി-കൃഷ്ണനഗർ സെക്ഷൻറെ നാലുവരി പാത പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു. നോർത്ത് 24 പർഗാനാസ് ജില്ലയിലെ 17.6 കിലോമീറ്റർ നീളമുള്ള ബരാജതു-ബരാജഗുലി സെക്ഷൻറെ നാലുവരി പാതയ്ക്കും അദ്ദേഹം തറക്കല്ലിട്ടു.

## PM ASSAM VISIT

ഇന്ത്യയോടുള്ള ലോകത്തിൻറെ കാഴ്ചപ്പാടിൽ മാറ്റമുണ്ടായതായും ആഗോള തലത്തിൽ ഇന്ത്യയുടെ പ്രാധാന്യം വർദ്ധിക്കുന്നതായും പ്രധാനമന്ത്രി നരേന്ദ്ര മോദി. കഴിഞ്ഞ 11 വർഷത്തിൽ ദ്രുതഗതിയിലുള്ളതും നൂതനവുമായ അടിസ്ഥാന സൗകര്യവികസനത്തിനാണ് രാജ്യം സാക്ഷ്യം വഹിച്ചതെന്നും പ്രധാനമന്ത്രി പറഞ്ഞു. ഗുവാഹത്തിയിലെ ലോകപ്രിയ ഗോപിനാഥ് ബർദോലോയ് അന്താരാഷ്ട്ര വിമാനത്താവളത്തിലെ പുതിയ ടെർമിനൽ കെട്ടിടം രാജ്യത്തിനു സമർപ്പിക്കുകയായിരുന്നു പ്രധാനമന്ത്രി. ടെർമിനലിന് പുറത്ത് അസമിലെ ആദ്യ മുഖ്യമന്ത്രി ഗോപിനാഥ് ബർദോലോയുടെ 80 അടി നീളമുള്ള പ്രതിമ പ്രധാനമന്ത്രി അനാച്ഛാദനം ചെയ്തു. രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഇന്ന് വൈകുന്നേരത്തോടെയാണ് പ്രധാനമന്ത്രി അസമിലെത്തിയത്.

## PM SHIVRAJ ARTICLE

വികസിത് ഭാരത്- ഗ്യാരൻറി ഫോർ റോസ്ഗാർ ആൻഡ് ആജീവിക മിഷൻ ഗ്രാമീൺ ബിൽ സാമൂഹിക സംരക്ഷണത്തിൽ നിന്നുള്ള ഒരു പിന്മാറ്റമല്ല, കാലോചിതമായ പരിഷ്കരണമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ബില്ലിന്റെ ലക്ഷ്യങ്ങൾ ഉയർത്തിക്കാട്ടി കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ

എഴുതിയ ലേഖനം സമൂഹ മാധ്യമത്തിൽ പങ്കുവെച്ചായിരുന്നു പ്രധാനമന്ത്രിയുടെ പ്രതികരണം. തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിച്ച്, പ്രാദേശിക ആസൂത്രണം ഉൾപ്പെടുത്തി ഗ്രാമീണ ഉപജീവനമാർഗ്ഗങ്ങളെ പരിവർത്തനം ചെയ്യാൻ ബിൽ എങ്ങനെ ലക്ഷ്യമിടുന്നുവെന്ന് ലേഖനം വ്യക്തമാക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു .

## SPECIAL PROGRAMME

പാർലമെൻറ് പാസാക്കിയ VBG-RAM-G പദ്ധതിയുമായി ബന്ധപ്പെട്ട് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കിയ പ്രത്യേക പരിപാടി ഇന്ന് രാത്രി 8.00 മണിക്ക് പ്രക്ഷേപണം ചെയ്യും. പരിപാടിയിൽ കേന്ദ്ര സർവ്വകലാശാല മുൻ വൈസ് ചാൻസലർ ഡോ.ജി ഗോപകുമാർ പങ്കെടുക്കും.

## VP-AEPC AWARDS (INTRO)

രാജ്യത്തെ സാമ്പത്തിക വളർച്ചയുടെ നിർണായക സ്തംഭമാണ് ടെക്സ്റ്റൈൽ വ്യവസായമെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ. ന്യൂഡൽഹിയിൽ നടന്ന അപ്പാരൽ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിൻറെ അവാർഡ് വിതരണ ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം .

രാജ്യാന്തര വസ്ത്ര കയറ്റുമതിയിൽ ഇന്ത്യ ആറാം സ്ഥാനത്താണെന്നും അദ്ദേഹം പറഞ്ഞു .

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## JAISHANKAR–CONVOCATION

ആഗോള സാമ്പത്തിക, രാഷ്ട്രീയ ക്രമം പരിവർത്തനത്തിന് വിധേയമാകുന്നതായി വിദേശകാര്യ മന്ത്രി എസ് ജയശങ്കർ. പൂനെയിൽ ബിരുദദാന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വ്യാപാരം, ഊർജ്ജം, സൈനിക ശക്തി, വിഭവങ്ങൾ, സാങ്കേതികവിദ്യ, ഉൾപ്പെടെ അധികാരം എന്ന ആശയത്തിന് ഒന്നിലധികം മാനങ്ങളുണ്ടെന്നും കേന്ദ്രമന്ത്രി പറഞ്ഞു. സാങ്കേതിക മത്സരക്ഷമത നിലനിർത്താൻ ഇന്ത്യ ശക്തവും ആധുനികവുമായ ഉൽപാദന ശേഷി വികസിപ്പിക്കേണ്ടതുണ്ടെന്നും ശ്രീ ജയശങ്കർ അഭിപ്രായപ്പെട്ടു.

❁❁❁❁❁❁❁❁❁❁❁❁❁

## LSGD OATH

കേരളത്തിൽ തദ്ദേശ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ നാളെ. പുതിയ ഭരണസമിതികളും നാളെ ചുമതലയേൽക്കും. നിലവിലെ ഭരണ സമിതികളുടെ കാലാവധി ഇന്ന് അവസാനിക്കും. ജില്ലാ പഞ്ചായത്തുകളിലും കോർപറേഷനുകളിലും ജില്ലാ കളക്ടർമാ രുടേയും, ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളിലും

മുനിസി പ്പാലിറ്റികളിലും, വരണാധികാരികളുടേയും മുൻപാകെ മുതിർന്ന അംഗമാണ് ആദ്യം സത്യപ്രതിജ്ഞ ചെയ്യുന്നത്. അധ്യക്ഷ- ഉപാധ്യക്ഷ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് ഈ മാസം 26, 27 തീയതികളിലാണ്.

## SREENIVASAN(INTRO)

പ്രശസ്ത ചലച്ചിത്രതാരവും സംവിധായകനും തിരക്കഥാകൃത്തുമായ നടൻ ശ്രീനിവാസന് കേരളത്തിൻറെ അന്ത്യാഞ്ജലി. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ, പ്രതിപക്ഷനേതാവ് വി.ഡി സതീശൻ, തുടങ്ങി സാമൂഹ്യ രാഷ്ട്രീയരംഗത്തെ നിരവധി പ്രമുഖർ അനുശോചനം രേഖപ്പെടുത്തി.

വിശദാംശങ്ങളിലേക്ക്..........

(വോയിസ്)

## SREENIVASAN(VOICE)

കൊച്ചി കണ്ടനാട്ടെ വീട്ടിലും ടൗൺഹാളിലും പൊതുദർശനത്തിന് വെച്ച ഭൗതികശരീരത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ, മമ്മൂട്ടി, മോഹൻലാൽ, സത്യൻ അന്തിക്കാട്, കമൽ, ദിലീപ്, മുകേഷ് ഉൾപ്പടെയുള്ള പ്രമുഖർ ആദരാഞ്ജലി അർപ്പിച്ചു. പ്രിയ താരത്തിന് ടൗൺഹാളിൽ

കലാ സാംസ്കാരിക രംഗത്തുള്ളവരും പൗരാവലിയും അന്തിമ ആദരം അർപ്പിച്ചു. പൊതുദർശനത്തിന് ശേഷം ഭൗതികദേഹം കണ്ടനാട്ടെ വീട്ടിൽ തിരികെയെത്തിച്ചു. സംസ്കാരം ഔദ്യോഗിക ബഹുമതികളോടെ നാളെ രാവിലെ പത്തിന് ഉദയംപേരൂരിലെ വീട്ടുവളപ്പിൽ നടക്കും. സാധാരണ മനുഷ്യരുടെ ജീവിതത്തിൻ്റെ ആകുലതകളും സങ്കടങ്ങളും പങ്കുവെക്കുന്നതായിരുന്നു ശ്രീനിവാസന്റെ സിനിമകൾ. ആഴത്തിലുള്ള സാമൂഹ്യ നിരീക്ഷണവും രാഷ്ട്രീയ ബോധവും ഉൾക്കരുത്താക്കി കഥാപാത്രങ്ങളെ സൃഷ്ടിച്ച ശ്രീനിവാസന്റെ വിയോഗം മലയാള ചലച്ചിത്രലോകത്തിന് തീരാനഷ്ടമാണ്.

ന്യൂസ് ഡസ്ക് ആകാശവാണി....

❁❁❁❁❁❁❁❁❁❁❁❁❁

## VAISHNAW–ELECTRONICS

ഈ സാമ്പത്തിക വർഷത്തെ ആദ്യ എട്ട് മാസത്തിൽ രാജ്യത്തെ ഇലക്ട്രോണിക്സ് കയറ്റുമതി 31 ബില്ല്യൺ ഡോളറിൽ എത്തിയതായി കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. അതിവേഗം വളരുന്ന 30 കയറ്റുമതി ഇനങ്ങളിൽ ഏറ്റവും വേഗത്തിൽ വളരുന്ന മേഖലയാണ് ഇലക്ട്രോണിക്സ് മേഖല എന്നും സമൂഹമാധ്യമത്തിൽ അദ്ദേഹം പറഞ്ഞു. പ്രതിവർഷം 38 ശതമാനം വളർച്ച കൈവരിക്കാൻ മേഖലയ്ക്ക് സാധിക്കുന്നതായും ശ്രീ വൈഷ്ണവ് പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## UN – BANGLADESH

ആഭ്യന്തര പ്രശ്നം രൂക്ഷമായ ബംഗ്ലാദേശിൽ സമാധാനം പാലിക്കണമെന്ന് ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ്. യുവജന നേതാവ് ഷെരീഫ് ഒസ്മാൻ ബിൻ ഹാദിയുടെ കൊലപാതകത്തിൽ അനുശോചനം രേഖപ്പെടുത്തിയ അദ്ദേഹം സംഭവത്തിൽ നിഷ്പക്ഷമായ അന്വേഷണം അനിവാര്യമാണെന്ന് ബംഗ്ലാദേശ് സർക്കാരിനോട് ആവശ്യപ്പെട്ടു.

## RATAN U KELKAR-SIR

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ഈ മാസം 23 ന് പുറത്തിറക്കുന്ന കരട് വോട്ടർ പട്ടികയിൽ പേരുണ്ടോയെന്ന് സമ്മതിദായകർ പരിശോധിക്കണമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ രത്തൻ യു കേൽക്കർ. സംസ്ഥാനത്ത് എന്യൂമറേഷൻ ഫോമുകളുടെ ഡിജിറ്റൈസേഷൻ നൂറു ശതമാനം പൂർത്തിയായിട്ടുണ്ട്.

## INDIA SQUAD-ICC T20 WORLD CUP

2026 ലെ ഐസിസി ട്വൻറി- 20 ക്രിക്കറ്റ് ലോകകപ്പിനായുള്ള 15 അംഗ ഇന്ത്യൻ ടീമിനെ ബി സി സി ഐ പ്രഖ്യാപിച്ചു . സൂര്യകുമാർ യാദവ് ആണ് ക്യാപ്റ്റൻ , അക്ഷർ

പട്ടേൽ വൈസ് ക്യാപ്റ്റൻ. മലയാളി താരം സഞ്ജു സാംസണും ടീമിൽ ഇടംപിടിച്ചിട്ടുണ്ട്. 2026 ഫെബ്രുവരി 7 മുതൽ മാർച്ച് 8 വരെയാണ് മത്സരങ്ങൾ.

❁❁❁❁❁❁❁❁❁❁❁❁❁

## UNDER-19 ASIA CUP CRICKET

അണ്ടർ 19 ഏഷ്യാ കപ്പ് ക്രിക്കറ്റിൽ, ദുബായിൽ നടക്കുന്ന ഫൈനലിൽ നാളെ ഇന്ത്യ-പാകിസ്ഥാൻ പോരാട്ടം. ഇന്നലെ നടന്ന സെമിയിൽ , ശ്രീലങ്കയെ എട്ട് വിക്കറ്റിന് പരാജയപ്പെടുത്തിയാണ് ഇന്ത്യ ഫൈനലിൽ പ്രവേശിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁

## BADMINTON

ചൈനയിലെ ഹാങ്ഷൗവിൽ നടക്കുന്ന BWF വേൾഡ് ടൂർ ബാഡ്മിന്റണിൽ പുരുഷ വിഭാഗം ഡബിൾസ് സെമിഫൈനലിൽ ഇന്ത്യ- ചൈന പോരാട്ടം പുരോഗമിക്കുന്നു. ഇന്ത്യയുടെ സാത്വിക്സായിരാജ് രങ്കിറെഡ്ഡി- ചിരാഗ് ഷെട്ടി സഖ്യം ആദ്യ ഗെയിം 21-10 ന് സ്വന്തമാക്കി മുന്നിലാണ്. ടൂർണമെന്റിൽ ആദ്യമായാണ് ഒരു ഇന്ത്യൻ സഖ്യം സെമിഫൈനലിൽ പ്രവേശിക്കുന്നത് .

❁❁❁❁❁❁❁❁❁❁❁❁❁

## RUSSIAN UKRAINE CONFLICT

യുക്രൈനിലെ ഒഡെസ തുറമുഖത്തിൽ ഇന്നലെ നടന്ന റഷ്യൻ ബാലിസ്റ്റിക് മിസൈൽ ആക്രമണത്തിൽ 8 പേർ കൊല്ലപ്പെട്ടു. 27 പേർക്ക് പരിക്കേറ്റു. അതേ സമയം, തങ്ങളുടെ സൈന്യം ഒരു റഷ്യൻ യുദ്ധക്കപ്പലും മറ്റ് ഇടങ്ങളും ഡ്രോണുകൾ ഉപയോഗിച്ച് ആക്രമിച്ചതായി യുക്രൈൻ വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

## IMRAN KHAN

തോഷഖാന അഴിമതി കേസിൽ മുൻ പാകിസ്ഥാൻ പ്രധാനമന്ത്രി ഇമ്രാൻ ഖാനും ഭാര്യ ബുഷ്റ ബീബിക്കും പാകിസ്ഥാൻ കോടതി 17 വർഷം വീതം തടവ് ശിക്ഷ വിധിച്ചു. റാവൽപിണ്ടിയിലെ ഉയർന്ന സുരക്ഷയുള്ള അഡിയാല ജയിലിൽ പ്രത്യേക കോടതി ജഡ്ജി ഷാരൂഖ് അർജുമന്ദാണ് വിധി പ്രഖ്യാപിച്ചത്. ഇരുവർക്കും 1 കോടി 64 ലക്ഷം പാകിസ്ഥാൻ രൂപ പിഴയും വിധിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## ASSAM ELEPHANTS ACCIDENT

അസമിലെ ഹൊജായ് ജില്ലയിൽ സൈരംഗ്-ന്യൂഡൽഹി രാജധാനി എക്സ്പ്രസ് ട്രെയിൻ ഇടിച്ച് ഏഴ് ആനകൾ ചരിഞ്ഞു. ഇന്ന് പുലർച്ചെ നടന്ന സംഭവത്തിൽ ട്രെയിനിന്റെ അഞ്ച് കോച്ചുകളും എഞ്ചിനും പാളം തെറ്റിയതായി റെയിൽവേ ഉദ്യോഗസ്ഥർ അറിയിച്ചു. യാത്രക്കാർക്ക് ആർക്കും പരിക്കേറ്റിട്ടില്ല.